കാസറഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം
(ഹാജർ: **ജയ്സൺ മാത്യു**)

വിഷയം:- പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-ഓൺലൈൻ പൊതുസ്ഥലംമാറ്റം 2022-ജില്ലാതല സ്ഥലം മാറ്റം-ക്ലർക്ക് തസ്തികയിലെ ജീവനക്കാരുടെ അന്തിമ അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

പരാമർശം:- (1) സ.ഉ(പി) നം.3/2017/P&ARD തീയതി: 25.02.2017

(2) സ.ഉ (കൈ) നം.125/2022/തസ്വഭവ തീയതി: 16.06.2022

(3) സ.ഉ (കൈ) നം.130/2022/തസ്വഭവ തീയതി: 22.06.2022

(4) പഞ്ചായത്ത് ഡയറക്ടറുടെ 25.06.2022, 01.07.2022, 19.07.2022, തീയതികളിലെ PAN/11965/2021/E1(DP) നമ്പർ സർക്കുലറുകൾ

(5) ഈ ഓഫീസിലെ 06.08.2022 തീയതിയിലെ ഇതേ നമ്പർ നോട്ടീസ്

(6) പഞ്ചായത്ത് ഡയറക്ടറുടെ 13.08.2022 തീയതിയിലെ PAN/11965/2021/E1(DP) നമ്പർ സർക്കുലർ

(7) ഈ ഓഫീസിലെ 14.12.2022 തീയതിയിലെ ഇതേ നമ്പർ നോട്ടീസ്

**ഉത്തരവ് നമ്പർ :DDP-KSD/620/2022-SC5 തീയ്യതി.28/12/2022**

പരാമർശം (1) പ്രകാരം സർക്കാർ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റവും നിയമനവുമായി ബന്ധപ്പെട്ട് വകുപ്പ മേധാവികൾ ജീവനക്കാരുടെ ഇലക്ട്രോണിക് ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നതിനും, ഓൺലൈൻ മുഖാന്തിരം സ്ഥലംമാറ്റം നടത്തുന്നതിനും, മാനദണ്ഡങ്ങളും മാർഗ്ഗ നിർദേശങ്ങളും പരിഷ്കരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരുടെ ഓൺലൈൻ സമ്പ്രദായത്തിലൂടെയുള്ള പൊതുസ്ഥലം മാറ്റവും നിയമനവും സംബന്ധിച്ച മാനദണ്ഡങ്ങൾ അംഗീകരിച്ച് പരാമർശം (2), (3) പ്രകാരം ഉത്തരവായിരുന്നു.

ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കിയ ജനറൽ ട്രാൻസ്ഫർ അപ്ലിക്കേഷൻ മുഖാന്തിരം പഞ്ചായത്ത് വകുപ്പിലെ പൊതുസ്ഥലം മാറ്റത്തിന് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിന് മാർഗ്ഗ നിർദേശങ്ങൾ പുറപ്പെടുവിച്ചും മാനദണ്ഡങ്ങൾ നിശ്ചയിച്ചും പരാമർശം (4) പ്രകാരം വിവിധ സർക്കുലറുകൾ പുറപ്പെടുവിച്ചിരുന്നു. ജീവനക്കാർ ഓൺലൈനായി സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ച് സാധുവായ അപേക്ഷകൾ അംഗീകരിക്കുകയും, അംഗീകരിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ അനുകമ്പാർഹ/ പ്രത്യേക പരിഗണന നൽകേണ്ട വിഭാഗം/ വിരമിക്കുന്നതിന് 2 വർഷം അവശേഷിക്കുന്ന വിഭാഗം / മാതൃത്വ അവധിയിലുള്ളവർ / കുട്ടികളെ ദത്തെടുത്തിട്ടുള്ള ജീവനക്കാർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ജില്ലാതല സ്ഥലം മാറ്റത്തിനായുള്ള

അപേക്ഷകരുടെ ലിസ്റ്റ് കരട് ലിസ്റ്റ് പരാമർശം (5) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. കരട് ലിസ്റ്റ് പരിശോധിച്ചതിൽ സ്ഥലം മാറ്റം ആവശ്യമില്ലാത്തപക്ഷം പൊതുസ്ഥലം മാറ്റത്തിനുള്ള അപേക്ഷ പിൻവലിക്കുന്നതിനും അവസരം ലഭ്യമാക്കിയിരുന്നു.

പരാമർശം (6) പ്രകാരം പുറപ്പെടുവിച്ച സർക്കുലറിൽ അപേക്ഷ പിൻവലിക്കുന്നതിനുള്ള സമയപരിധി അവസാനിച്ചതിന് ശേഷം അവശേഷിക്കുന്ന സാധുവായ അപേക്ഷ സമർപ്പിച്ചിട്ടുള്ള മുഴുവൻ ജീവനക്കാരുടെയും ക്യൂ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതും , ആയതിന്റെ അടിസ്ഥാനത്തിൽ പൊതുസ്ഥലം മാറ്റം നടത്തുന്നതുമാണെന്നും , സാധുവായ അപേക്ഷ സമർപ്പിച്ചിട്ടുള്ള മുഴുവൻ ജീവനക്കാരും പൊതുസ്ഥലം മാറ്റത്തിന് വിധേയരാകുന്നതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.

പൊതുസ്ഥലം മാറ്റത്തിനായുള്ള കരട് ക്യൂ ലിസ്റ്റിൻമേൽ ഓൺലൈനായി ലഭ്യമായ ആക്ഷേപങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അപേക്ഷകൾ പിൻവലിച്ചവരെ ഒഴിവാക്കി ജില്ലാതല പൊതുസ്ഥലം മാറ്റത്തിനായുള്ള ക്യൂ ലിസ്റ്റ് അന്തിമമാക്കിയിരുന്നു . മേൽ അന്തിമ ക്യൂ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ജില്ലാതല സ്ഥലം മാറ്റത്തിനായുള്ള ജീവനക്കാരുടെ കരട് അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ച് പരാമർശം (7) പ്രകാരം ഉത്തരവായിരുന്നു.

ടി ലിസ്റ്റിൻമേൽ ഓൺലൈനായി ലഭ്യമായ ആക്ഷേപങ്ങൾ ഓൺലൈനായി തന്നെ തീർപ്പാക്കിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ General Transfer Application സോഫ്റ്റ് വെയറിൽ ക്ലർക്ക് തസ്തികയിലെ ജീവനക്കാരുടെ 2022 വർഷത്തെ പൊതുസ്ഥലം മാറ്റ പട്ടിക ഓൺലൈനായി ജനറേറ്റ് ചെയ്ത് അന്തിമമാക്കി ഉത്തരവാകുന്നു. ടി സ്ഥലംമാറ്റ പട്ടിക General Transfer Application സോഫ്റ്റ് വെയറിൽ ജീവനക്കാരുടെയും ഓഫീസ് മേധാവികളുടെയും ലോഗിനിൽ ലഭ്യമായിരിക്കുന്നതാണ്. ജീവനക്കാർക്കും ഓഫീസ് മേധാവികൾക്കും തങ്ങളുടെ ലോഗിനിൽ നിന്നും ടി അന്തിമ പൊതുസ്ഥലംമാറ്റ പട്ടിക ഡൌൺലോഡ് ചെയ്ത് എല്ലാ ഔദ്യോഗിക ആവശ്യങ്ങൾക്കും ഉപയോഗിക്കാവുന്നതാണ്.

ബന്ധപ്പെട്ട ഓഫീസ് മേധാവികൾ ടി ഉത്തരവ് ഉടൻ പ്രാബല്യത്തിൽ വരുത്തേണ്ടതും, സ്ഥലംമാറ്റ ലഭിച്ച ജീവനക്കാരെ അടിയന്തിരമായി വിടുതൽ ചെയ്യേണ്ടതുമാണ് . ജീവനക്കാരുടെ വിടുതൽ, സേവനത്തിൽ പ്രവേശിക്കൽ എന്നിവ സമയബന്ധിതമായി ഈ കാര്യാലയത്തിലും ബന്ധപ്പെട്ട മറ്റ് ഓഫീസുകളിലും അറിയിക്കേണ്ടതുമാണ്.

Signature Not Verified

Digitally signed by JAISON MATHEW
Date: 2022.12.28 18:30:23 IST
Reason: Approved

**JAISON MATHEW**
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
കാസറഗോഡ്

സ്വീകർത്താവ്:

എല്ലാ ജീവനക്കാർക്കും (ഓഫീസ് മേധാവി മുഖേന

പകർപ്പ്: 1. എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും
2.ജില്ലാ ടെക്നിക്കൽ ഓഫീസർ, ഐ കെ എം
(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
3. കരുതൽ/അധികം